# യഹോവ എന്റെ ഇടയൻ

## ആവർത്തനം 31:8

''യഹോവ തന്നെ നിനക്കു മുമ്പായി നടക്കുന്നു. അവൻ നിന്നോട് കൂടെയിരിക്കും, നിന്നെ കൈ വിടുകയില്ല, ഉപേക്ഷിക്കുകയുമില്ല, നീ പേടിക്കരുത് ഭ്രമിക്കയുമരുത്.''

ധീരനും, ദൈവീക ചൈതന്യം നിറഞ്ഞവനും, കാര്യപ്രാപ്തനുമായ മോശ തന്റെ മരണസമയമടുത്തിരിക്കുന്നു എന്നു അറിഞ്ഞപ്പോൾ മരുഭൂമിയിൽ ജനത്തെ ഒരുമിച്ചു കൂട്ടി. ദൈവം അവരെ നടത്തിയ വഴികളെല്ലാം ഓർമ്മിപ്പിച്ചു കൊണ്ട് തനിക്കു പകരം യോശുവയെ നേതാവാക്കി. ദൈവം കൂടെയുണ്ടെന്നും ജനത്തിനു മുമ്പായി നടക്കുമെന്നും അവരെ കൈവിടുകയില്ല എന്നും ഉറപ്പു കൊടുക്കുന്നു. യോശുവ ആ ഉറപ്പിൽ വിശ്വസിച്ച് കൊണ്ട് നേതൃത്വം ഏറ്റെടുത്തു.

ഈ ഒരു ഉറപ്പും ധൈര്യവുമാണ് നമ്മുടെ ജീവിതത്തിലും വേണ്ടത്. ദൈവ സാന്നിധ്യം കൂടെയുള്ളപ്പോൾ നാം ആരെ പേടിക്കണം? പക്ഷെ ഇന്ന് ദൈവജനമായ നമുക്ക് യോശുവയെ പോലെ ഈ ഉറപ്പിൽ വിശ്വസിച്ച് ജീവിതയാത്ര മുമ്പോട്ട് കൊണ്ടുപോകാൻ സാധിക്കുന്നുണ്ടോ എന്ന് നാം ചിന്തിച്ച് നോക്കണം. പലപ്പോഴും സാധിക്കുന്നില്ല എന്നതാണ് സത്യം. നാവു കൊണ്ട് നമുക്ക് ഇത് പറയാൻ സാധിക്കുന്നുണ്ട് എന്നാൽ ശോധനകളുടെ നടുവിൽ പലപ്പോഴും നമ്മൾ പേടിച്ചും ഭ്രമിച്ചും പകച്ചും നിൽക്കുന്നവരാണ്. ദൈവീക സാന്നിധ്യം അനുഭവിക്കാൻ സാധിക്കാതെ പോകുന്നവരായി നാം തീരാറുണ്ട്. അത് എന്തു കൊണ്ടാണ്? ദൈവം വിശ്വസ്തനല്ലാത്തതു കൊണ്ടാണോ? അല്ല, അവൻ വാഗ്ദത്തം തന്നവനാണ്, വിശ്വസ്തനാണ്, വാക്കു മാറാത്തവനാണ്. എന്നാൽ ബലഹീനരായ മനുഷ്യർ യിസ്രായേൽ മക്കളെപ്പോലെ അവന്റെ വിശ്വസ്തതയും, സ്നേഹവും രുചിച്ചറിഞ്ഞിട്ടും ദൈവത്തിൽ നിന്ന് അകന്നു പോകുന്നവരാണ്. അതു കൊണ്ട് നമുക്കും ആ ദൈവസാന്നിധ്യത്തിനായി പ്രാർത്ഥിക്കാം. അത് അനുഭവിച്ച് കൊണ്ട് ഓരോ നിമിഷവും ജീവിക്കാനുള്ള കൃപക്കായി പ്രാർത്ഥിക്കാം.

പരാമർശം :

സങ്കീർത്തനം 23:1

"യഹോവ എന്റെ ഇടയനാകുന്നു, എനിക്ക് മുട്ടുണ്ടാകയില്ല."

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 018